ഉത്തരം

(എ) മണൽ ദൗർലഭ്യംമൂലം നിർമ്മാണ മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ചുള്ളിയാർ, മലമ്പുഴ, അരുവിക്കര എന്നീ ഡാമുകളുടെ റിസർവോയറുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് കേരള മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപടി സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും മണൽ കൊണ്ടുവരുന്നത് തടസ്സപ്പെടുത്തുന്നില്ല. മണൽ സ്റ്റോക്കു ചെയ്ത് വിൽപന നടത്തുവാൻ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അനുവാദം നൽകുന്നുണ്ട്.

(ബി) മണൽ നീക്കം ചെയ്യുന്നത് ചില സംസ്ഥാന സർക്കാരുകൾ നിയമംമൂലം നിരോധിച്ചതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും നിയമപരമായി കേരളത്തിലേക്ക് കൊണ്ടുവരുന്ന മണലിന്റെ അളവ് കുറഞ്ഞിട്ടുണ്ട്. അന്യ രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്ക് മണൽ കൊണ്ടുവരുന്നില്ല.

(സി) ഇല്ല.

(ഡി) സർക്കാർ സ്വീകരിച്ച നടപടികൾമൂലം മണലിന്റെ വിലവർദ്ധന നല്ലൊരു പരിധിവരെ നിയന്ത്രിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

കെട്ടിട നിർമ്മാണ മേഖലയിലെ മണൽക്ഷാമം

210(917) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കെട്ടിടനിർമ്മാണമേഖലയിലെ മണൽക്ഷാമം പരിഹരിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ :

(ബി) ഇതിനായി സംസ്ഥാനത്ത് ഒരു മണൽ കോർപ്പറേഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുവാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ കടൽമണൽ സംസ്ക്കരിച്ച് കെട്ടിടനിർമ്മാണത്തിനുപയോഗിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുവാൻ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കെട്ടിടനിർമ്മാണ മേഖലയിലെ മണൽക്ഷാമം പരിഹരിക്കുന്നതിനായി ചുള്ളിയാർ, മലമ്പുഴ, അരുവിക്കര എന്നീ ഡാമുകളുടെ റിസർവോയറുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് കേരള മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചുവരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും മണൽ കൊണ്ടുവരുന്നത് തടസ്സപ്പെടുത്തുന്നില്ല. മണൽ സ്റ്റോക്കുചെയ്ത് വിൽപ്പന നടത്തുവാൻ സഹകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അനുവാദം നൽകുന്നുണ്ട്.

(ബി) ഇത്തരമൊരു നിർദ്ദേശം വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) കടൽ മണൽ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് അറിയുന്നതിനും അതിന്റെ ആകെ നിക്ഷേപം കണ്ടെത്തുന്നതിനും ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ പഠനം നടത്തിവരുന്നു.

നൊച്ചുമണ്ണിൽ പറമ്പിൽ നിന്നുള്ള അനധികൃത മണൽഖനനം

219(918) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്ക് കൊടുവള്ളി വില്ലേജ് റീസർവ്വെ 81/2-ൽപ്പെട്ട നൊച്ചുമണ്ണിൽ പറമ്പിൽ നിന്നുള്ള അനധികൃത മണൽ ഖനനം സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കുറ്റക്കാർക്കെതിരായി എന്ത് നടപടിയാണ് സ്വീകരിച്ചത് ;

(സി) നടപടി സ്വീകരിക്കുന്നതിനെതിരായി കോടതിവിധി നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) അനധികൃത മണൽ ഖനനംമൂലമുണ്ടായ ഗർത്തം നികത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓഫീസിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) അനധികൃത മണൽ ഖനനം നടന്നത് ശ്രദ്ധയിൽപ്പെട്ട ഉടനെത്തന്നെ 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം കോഴിക്കോട് ജില്ലാ ഓഫീസിൽ നിന്നും തുടർ നടപടി ആരംഭിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങളിലെ ചട്ടം 60 ബി പ്രകാരം കുറ്റക്കാർക്കെതിരെ റവന്യൂ റിക്കവറി നടപടി ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന് അനധികൃത ഖനനം നടന്ന സ്ഥലത്തിന്റെ യഥാർത്ഥ കൈവശക്കാരന്റെ വിലാസമടങ്ങിയ കൈവശാവകാശ സർട്ടിഫിക്കറ്റും ഖനനസ്ഥലം മാർക്ക് ചെയ്ത സർവ്വെ മാപ്പും ആവശ്യമാണ്. ആയത് ലഭ്യമാക്കണമെന്ന് കൊടുവള്ളി വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചതിനുശേഷമേ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) കോടതിവിധി നിലവിലുള്ളതായ രേഖകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly